

## സെന്റ് മാർഗരറ്റ് അഡോറേഷൻ കോൺവെന്റ് ആനിക്കാട്

സ്ഥാപനം : 1964

ഒരു ഹൈസ്ക്കൂൾ സ്വപ്നം കണ്ടുകൊണ്ട് ഇടവകയുടെ പ്രഥമ വികാരിയും മൂവാറ്റുപുഴ നിർമ്മല കോളേജ് അദ്ധ്യാപകനുമായിരുന്ന ബ. ജെയിംസ് വെമ്പിള്ളിൽ അച്ചൻ അന്നത്തെ പ്രൊവിൻഷ്യൽ മദർ സൈമണന്റെ അംഗീകാരത്തോടെ 1961-ൽ കുറച്ച് സ്ഥലം വാങ്ങിച്ചിരുന്നു. 1964-ൽ ഒരു U.P. School പള്ളി മുറിയിൽ ആരംഭിച്ചു. സ്ക്കൂളിൽ ജോലി ചെയ്തുകൊണ്ടിരുന്ന സിസ്റ്റേഴ്സ് പുന്നക്കടവിൽ ശ്രീ. മത്തായിയുടെ ഒഴിഞ്ഞുകിടന്നിരുന്ന കെട്ടിടത്തിൽ താമസമാരംഭിച്ചു. സ്ക്കൂളിൽ ഒരുവിധം സൗകര്യമായപ്പോൾ സിസ്റ്റേഴ്സിന്റെ താമസം സ്ക്കൂളിലേയ്ക്ക് മാറ്റി. സ്ക്കൂൾ ഗ്രൗണ്ടിനോട് അടുത്തുകിടന്നിരുന്ന സ്ഥലം 1973-ൽ വാങ്ങി നാലുകെട്ടും മുറ്റവുമായി പണിത കെട്ടിടത്തിലേയ്ക്ക് സിസ്റ്റേഴ്സ് മാറി താമസിച്ചു. 1966-ൽ U.P. School, High School ആയി ഉയർത്തി കാലക്രമത്തിൽ Unaided Higher Secondary വിഭാഗം ആരംഭിച്ചു. 2015-ൽ aided ആക്കി അംഗീകരിക്കപ്പെട്ടു. സ്ക്കൂൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇടവകയുടെ നാനാവിധമായ പ്രേഷിതപ്രവർത്തനങ്ങളിൽ സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യവും സഹകരണവും അവിസ്മരണീയമാണ്.